# സ്വീറ്റ് സാന്റോൾ
## (Sandoricum koetjape)



തെക്കു കിഴക്കൻ ഏഷ്യ ജന്മദേശമായ സ്വീറ്റ് സാന്റോൾ തായ്‌ലൻഡിലെയും ഫിലിപ്പൈൻസിലെയും വീട്ടുവളപ്പുകളിൽ സാധാരണയായി നട്ടുവളർത്തുന്ന ഫലവൃക്ഷമാണ്. ഈ വിളയിൽ തായ്‌ലൻഡ് വികസിപ്പിച്ച മേൽത്തരം ഇനമാണ് പുയി-ഫാ (Pui-ha). ശാഖകൾക്ക് നീളമേറും, ഇലകൾക്ക് ഇളംപ്രായത്തിൽ മിനുക്കമുള്ള പച്ചനിറമായിരിക്കുമെങ്കിലും മൂപ്പെത്തുന്നതനുസരിച്ച് ചുവപ്പു നിറമായി മാറുന്നു. അതിനാൽ തന്നെ ഉദ്യാനരൂപകൽപനയിൽ അലങ്കാര തണൽമരമായി ഇതിനെ വളർത്തുന്നവരുമുണ്ട്. മരത്തിന് 12 മീറ്റർ വരെ ഉയരം വയ്ക്കും. തടിയും താരതമ്യേന കടുപ്പമുള്ളതാണ്.

**ഉത്ഭവം** : തായ്‌ലൻഡ്

**എത്തിച്ചേർന്ന രാജ്യങ്ങൾ** : ഇന്തോ ചൈന, ശ്രീലങ്ക, ഇന്ത്യ, വടക്കൻ ഓസ്ട്രേലിയ, മൗറീഷ്യസ്, സെയ്ഷെൽസ്.

## വിവരണം



### മരം

വളരെവേഗം വളർച്ചയെത്തുന്ന മരമാണ് സാന്റോൾ. തടി കുത്തനെ മേൽപോട്ടു വളരുന്നു, തൊലിക്ക് ഇളം നിറം, തറനിരപ്പോടു ചേർന്നു തന്നെ ശാഖകൾ തിരിയാനുള്ള പ്രവണത കാണിക്കുന്നു.ഇളം ശാഖകളിൽ തുടക്കത്തിൽ ഇടതിങ്ങി തവിട്ടു നിറത്തിലുള്ള രോമങ്ങൾ കാണപ്പെടുന്നു.



### പൂക്കൾ

പച്ചയോ മഞ്ഞയോ പിങ്ക് കലർന്ന മഞ്ഞയോ നിറമായിരിക്കും പൂക്കൾക്ക്. ഓരോന്നിനും അഞ്ച് ഇതളുകൾ വീതം. പൂവിന്റെ നീളം ഒരു സെന്റിമീറ്റർ (3/8ഇഞ്ച്) ഇളം ശാഖകളിലും ഉപശാഖകളിലുമായി പൂക്കൾ വിരിയുന്നു. പൂങ്കുലകളുടെ തണ്ടിന് 15-30 സെന്റിമീറ്റർ (6-12 ഇഞ്ച്) നീളമുണ്ടായിരിക്കും.



### പഴം

സ്വർണരാശി കലർന്ന മഞ്ഞനിറമായിരിക്കും പഴങ്ങൾക്ക്. ഓരോന്നിനും 250-500 ഗ്രാം ഭാരം, മധുരമാണ് പ്രധാന സ്വാദ്, എന്നാൽ അതിനൊപ്പം ഹൃദ്യമായ പുളിരസവുമുണ്ട്. മധുരവും പുളിയും ഇടകലർന്ന ഈ സ്വാദ് തന്നെയാണ് പഴവർഗ പ്രേമികളെ സാന്റോളിലേക്ക് ആകർഷിക്കുന്നത്.



## നടീൽ പരിചരണം

**നടീൽ വസ്തു** : ബഡ്/ഗ്രാഫ്റ്റ് വഴിയുണ്ടാക്കിയ തൈകൾ

**നടീൽ രീതി** : തടങ്ങളെടുത്തുള്ള നടീൽ. തട്ടുകളായി തിരിച്ച ഭൂമിയിലും കൃഷി ചെയ്യാം.

**കുഴിയുടെ അളവ്** : മൂന്ന് അടി വീതം നീളം, വീതി, താഴ്ച

**ഇലത്തഴപ്പിന്റെ വ്യാസം** : 30 അടി

**ഇലത്തഴപ്പിന്റെ ഉയരം** : 40 അടി

**വിളവ് ലഭിക്കുന്ന സീസൺ** : മെയ് മുതൽ ജൂൺ തുടക്കം വരെ

**അനുയോജ്യ നടീൽ പ്രദേശം** : മണൽ മണ്ണ് ഒഴികെയെന്തും ഉത്തമം. തീരെ താഴ്ന്ന താപനില പാടില്ല.




1 X 1 X 1 മീറ്റർ സമചതുരം

## അനുയോജ്യമായ വളർച്ചാ സാഹചര്യങ്ങൾ



- **സൂര്യപ്രകാശത്തിന്റെ ആവശ്യകത** : പൂർണ സൂര്യപ്രകാശം ആവശ്യമാണ്
- **താപനില** : 22-35 ഡിഗ്രി സെൽഷ്യസ്
- **മഴ** : 1500-2000 മില്ലി മീറ്റർ
- **ആപേക്ഷിക ആർദ്രത** : 70-80%
- **മണ്ണിന്റെ അമ്ല-ക്ഷാര നില** : 5.5 മുതൽ 6.5 വരെ
- **മണ്ണിന്റെ സ്വഭാവം** : വെട്ടുകൽ മണ്ണ്, മണൽ അംശമുള്ള എക്കൽ മണ്ണ്
- **സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം** : 2000 അടി വരെ
- **നടീൽ അകലം** : നിരകൾ തമ്മിലും ചുവടുകൾ തമ്മിലും 30 അടി
- **കൊമ്പുകോതൽ** : ആവശ്യമാണ്
- **വളർച്ച ഒരുക്കൽ** : ആവശ്യമാണ്
- **പരാഗണം** : സ്വയം പരാഗണം
- **മൂല്യവർധന** : അച്ചാറുകൾ

## പോഷണ പരിപാലനം

| വളം | 1-ാം വർഷം | 2-ാം വർഷം | 3-ാം വർഷം | ഇടവേള/സീസൺ |
|---|---|---|---|---|
| എൻപികെ | 100 ഗ്രാം | 200 ഗ്രാം | 300 ഗ്രാം | *വർഷത്തിൽ 2 തവണ |
| കമ്പോസ്റ്റാക്കിയ കാലിവളം | 5 കി. ഗ്രാം | 8 കി. ഗ്രാം | 10 കി. ഗ്രാം | *വർഷത്തിൽ 2 തവണ |
| സൂക്ഷ്മ മൂലകങ്ങൾ | 10 ഗ്രാം | 15 ഗ്രാം | 20 ഗ്രാം | വർഷം 2 തവണ |
| ഡോളൊമൈറ്റ് | 150 ഗ്രാം | 200 ഗ്രാം | 300 ഗ്രാം | ഇടവപ്പാതിക്കു മുമ്പ് |

*ശുപാർശ ചെയ്തിരിക്കുന്ന അളവിന്റെ പകുതി വീതം ഓരോ തവണയും



## ജലത്തിന്റെ ആവശ്യകത

| മരത്തിന്റെ പ്രായം | മരമൊന്നിന് പ്രതിദിനം വേണ്ട വെള്ളം |
|---|---|
| ഒന്നാം വർഷം | 10 ലിറ്റർ |
| രണ്ടാം വർഷം | 15 ലിറ്റർ |
| മൂന്നാം വർഷം | 20 ലിറ്റർ |

## രോഗങ്ങളും കീടങ്ങളും

**ഇല തിന്നുന്ന പ്രാണികൾ :** അഞ്ച് മില്ലി വേപ്പെണ്ണ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ചേർത്ത് തളിക്കുക



Document Prepared by

Research and Development department
Homegrown Biotech
Ph: +91 9562066333